# മത്സര വിവരങ്ങൾ

## കുട്ടികളുടെ മത്സരങ്ങൾ

### 1. പ്രശ്നോത്തരി (ക്വിസ്) മത്സരം

'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന ഗാന്ധിജിയുടെ ആത്മകഥ മുൻകൂട്ടി കുട്ടികൾക്ക് വായിക്കാൻ അവസരം നൽകണം. തുടർന്ന് ഈ പുസ്തകത്തെ ആധാരമാക്കിയ ചോദ്യങ്ങൾ ഉൾപ്പെടുന്ന പ്രശ്നോത്തരി (ക്വിസ്) മത്സരം നടത്തണം. ഈ മത്സരം മേഖലാടിസ്ഥാനത്തിലാണ് സംഘടിപ്പിക്കേണ്ടത്. 2018 സെപ്തംബർ 16 ഞായറാഴ്ചയാണ് മത്സരം നടത്തേണ്ടത്. രണ്ട് കുട്ടികൾ അടങ്ങുന്ന സംഘമാണ് ഓരോ ടീമിലും ഉണ്ടാകേണ്ടത്. ആദ്യ മൂന്ന് സ്ഥാനത്തെത്തുന്ന ടീമുകളുടെ പേരുവിവരങ്ങൾ മേഖലാ കോ-ഓർഡിനേറ്റർമാർ സാക്ഷ്യപ്പെടുത്തി സെപ്തംബർ 22 നുള്ളിൽ മലയാളം മിഷനിൽ എത്തിക്കണം. വിജയികൾക്ക് നൽകേണ്ട കാഷ് അവാർഡിനുള്ള തുകയും സമ്മാനമായി നൽകേണ്ടുന്ന പുസ്തകവും കോ-ഓർഡിനേറ്റർമാർക്ക് മലയാളം മിഷൻ അയച്ചു നൽകുന്നതാണ്. ചോദ്യം തയ്യാറാക്കാനുള്ള പാനൽ അതാത് കോ-ഓർഡിനേറ്റർമാർ രൂപീകരിക്കണം. ചോദ്യപേപ്പർ മലയാളം മിഷനിൽ അയച്ചുതരണം.

### 2. ലേഖന മത്സരം

'മഹാത്മാഗാന്ധിയും സ്വാതന്ത്ര്യസമരവും' എന്ന വിഷയത്തെക്കുറിച്ച് ലേഖന മത്സരം നടത്തുന്നു. സ്വാതന്ത്ര്യസമരത്തെക്കുറിച്ച് കുട്ടികൾക്ക് കഴിയുന്നത്ര അറിവുകൾ നൽകുക. വെള്ളക്കടലാസിൽ സ്വന്തം കൈപ്പടയിൽ മലയാളത്തിൽ വൃത്തിയായി എഴുതിയോ ടൈപ്പ് ചെയ്തോ സൃഷ്ടികൾ അയയ്ക്കാം. മൊബൈലിൽ സ്കാൻ ചെയ്ത് അയക്കുന്നവർ ആയത് സുഗമമായി വായിക്കാൻ കഴിയുന്നതാണോ എന്ന് പരിശോധിച്ചതിന് ശേഷം മാത്രം അയക്കുക. ആറ് പേജിൽ കൂടാതിരിക്കുവാൻ ശ്രദ്ധിക്കണം. ഇ-മെയിൽ വഴിയോ തപാലിലോ രചനകൾ അയക്കാവുന്നതാണ്.

കുട്ടികളുടെ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം (രക്ഷിതാവിന്റെ) എന്നിവയോടൊപ്പം പഠനകേന്ദ്രത്തിലെ അധ്യാപിക സാക്ഷ്യപ്പെടുത്തി സ്വന്തം വിലാസവും ഫോൺ നമ്പർ, ഇ-മെയിൽ എന്നിവ കൂടി ഉൾപ്പെടുത്തിയാകണം സൃഷ്ടികൾ അയക്കേണ്ടത്. ലഭിക്കേണ്ട അവസാന തീയതി 2018 സെപ്തംബർ 22 ആണ്.

ഈ മത്സരവും മേഖലാടിസ്ഥാനത്തിലാണ് നടത്തേണ്ടത്. തുടർന്ന് ആദ്യ മൂന്ന് സ്ഥാനം ലഭിച്ച ലേഖനങ്ങൾ മലയാളം മിഷനിലേക്ക് അയച്ചുതരികയും എല്ലാ മേഖലകളിൽനിന്നും ഇപ്രകാരം അയച്ചുകിട്ടിയ ലേഖനങ്ങൾ വീണ്ടും പരിശോധനക്ക് വിധേയമാക്കി അതിൽനിന്ന് ഒന്നു മുതൽ മൂന്നുവരെ സ്ഥാനക്കാരെ കണ്ടെത്തി സമ്മാനങ്ങൾ നൽകുന്നതാണ്. (മേഖലാടിസ്ഥാനത്തിൽ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് സമ്മാനങ്ങൾ അതാത് കോ-ഓർഡിനേറ്റർമാർ വഴി നൽകുന്നതാണ്).

ഗാന്ധിജി രക്തസാക്ഷിത്വ ദിനമായ 2019 ജനുവരി 30 ന് സമ്മാനങ്ങൾ വിതരണം ചെയ്യും. ഒന്നാം സമ്മാനാർഹമായ ലേഖനം 'പൂക്കാലം' വെബ് മാഗസിനിൽ പ്രസിദ്ധീകരിക്കും.

## മലയാളം മിഷൻ അധ്യാപകർക്കുള്ള മത്സരം

1. **ലേഖന മത്സരം**

'മഹാത്മാഗാന്ധിയും മതനിരപേക്ഷതയും - ഒരു വർത്തമാനകാല ചിന്ത' എന്ന വിഷയത്തെ ആധാരമാക്കിക്കൊണ്ട് മേഖലാടിസ്ഥാനത്തിലാണ് മത്സരം സംഘടിപ്പിക്കുന്നത്. 10 പേജിൽ കവിയാത്ത ലേഖനമാണ് മത്സരത്തിന് പരിഗണിക്കേണ്ടത്. ഇതിൽനിന്ന് 2018 സെപ്തംബർ 22 നകം മൂല്യനിർണയം നടത്തി 1, 2, 3 സ്ഥാനക്കാരെ കണ്ടെത്തി പ്രസ്തുത രചനകളും രചയിതാക്കളുടെ പേര്, വിലാസം, ഫോൺ നമ്പർ, ഇ-മെയിൽ, പഠനകേന്ദ്രം, മേഖല എന്നിവയും വ്യക്തമായി രേഖപ്പെടുത്തി കോ-ഓർഡിനേറ്റർ മുഖാന്തിരം മലയാളം മിഷനിലേക്ക് സെപ്തംബർ 25 നകം അയച്ചുതരേണ്ടതാണ്. എല്ലാ മേഖലകളിൽനിന്നും ലഭിച്ച ലേഖനങ്ങൾ മൂല്യനിർണയത്തിന് വിധേയമാക്കി ഗാന്ധിജി രക്തസാക്ഷിദിനത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് മലയാളം മിഷൻ ഓഫീസുമായി ബന്ധപ്പെടുക. രചനകൾ **malayalammissionkerala01@gmail.com** എന്ന ഇ-മെയിൽ വഴിയോ താഴെ കൊടുക്കുന്ന മിഷൻ ഓഫീസ് അഡ്രസ്സിലേക്ക് തപാലായോ അയച്ചു തരേണ്ടതാണ്.

**MALAYALAM MISSION**
T.C. 27/2311(1), Rohini,
Robsten Lane, Convent Road,
Thiruvananthapuram - 695 001
Ph: 0471 **2478336**